**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3555** **17.10.2011 -ൽ മറുപടിക്ക്**

**നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളുടെ തിരിച്ചുവരവിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കെ. നാണു:<br>മാത്യു റ്റി. തോമസ്:<br>ശ്രീമതി ജമീലാ പ്രകാശം:<br>ശ്രീ. ജോസ് തെറ്റയിൽ: | | ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
| (എ) | നമ്മുടെ നാട്ടിൽ നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നു കരുതിയ ഡിഫ്തീരിയ ഉൾപ്പെടെയുള്ള പല മാരക രോഗങ്ങളും തിരിച്ചുവന്നുകൊണ്ടിരിക്കുന്ന ഗൗരവമായ സ്ഥിതിവിശേഷം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ഈ സ്ഥിതി വിശേഷം നേരിടാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | നിർമ്മാർജ്ജനം ചെയ്തു എന്നു കരുതിയ പലരോഗങ്ങളും വീണ്ടും പ്രത്യക്ഷപ്പെടുന്ന സാഹചര്യത്തിൽ ഫീൽഡ്തല പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തു ന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വാർഡ്തലത്തിൽ 5 വയസ്സിന് താഴെയുള്ള കുട്ടികളിൽ പ്രതിരോധ കുത്തിവയ്പ് എടുക്കാത്തതും ഭാഗികമായി പ്രതിരോധ കുത്തിവയ്പ് കിട്ടിയതുമായ കുട്ടികളുടെ കണക്ക് പ്രത്യേകമായി എടുക്കുകയും അവർക്ക് പ്രതിരോധ കുത്തി വയ്പുകൾ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്. കുട്ടികൾക്ക് പ്രതിരോധ മരുന്നുകൾ നൽകേണ്ടതിന്റെ ആവശ്യ |

| | | | |
|---|---|---|---|
| | | | കത സംബന്ധിച്ച് പ്രചരണ പ്രവർത്തനങ്ങൾ നടത്താനുള്ള നിർദ്ദേശങ്ങൾ ഇതുമായി ബന്ധപ്പെട്ട മുഴുവൻ ജീവനക്കാർക്കും നൽകിയിട്ടുണ്ട്. അതനുസരിച്ച് പ്രചരണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഇതിനോടൊപ്പം മലേറിയ പോലുള്ള സാംക്രമിക രോഗങ്ങൾ തടയുന്നതിനായി കൊതുകു നശീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>പകർച്ചപ്പനിയെ പ്രതിരോധിക്കാനായി 2010 ഏപ്രിൽ മാസം മുതൽ "Four Plus" എന്ന പകർച്ച വ്യാധി പ്രതിരോധ തീവ്രയജ്ഞ പരിപാടി കേരളം മുഴുവൻ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജിലും കാമ്പസ് ഫോർ പ്ലസ് എന്ന പേരിൽ നിരന്തര ശുചീകരണ, കൊതുകു നിർമ്മാർജ്ജന, രോഗ പ്രതിരോധ പരിപാടികൾ നടത്തിവരുന്നുണ്ട്. ആശുപത്രിയിലെ രോഗികളിൽ നിന്നും കൂട്ടിരിപ്പുകാർ , ഡോക്ടർമാർ, മറ്റു ആശുപത്രി ജീവനക്കാർ എന്നിവർക്ക് രോഗം വരുന്നത് തടയുന്നതിനുള്ള കർമ്മ പരിപാടിയും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന RPIED സെൽ വഴി നടപ്പിലാക്കി വരുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിലെ മുഴുവൻ ഹൗസ് സർജന്മാർക്കും ഇതിലേക്കായി പരിശീലനം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ